**നം.കെ.എസ്.എ.പി.റ്റി.എ.പി8/975/2017** **തീയതി: 30.8.2017**

## പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

| | |
|---|---|
| *ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* | ശ്രീ. ഹബീബ് മുഹമ്മദ്,<br><br>ഡെപ്യൂട്ടി ഡയറക്ടർ |

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 22.10.16 മുതൽ 17.7.17വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. 10 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| *ഓഡിറ്റിന് വിനിയോഗിച്ച സമയം* | *ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം* |
|---|---|
| 18.7.2017 മുതൽ 26.7.2017 വരെ | ശ്രീ. ജോർജ്ജ് പി മാത്യു, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അശ്വതി വി നായർ, ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

### പ്രസിഡണ്ട്

| | |
|---|---|
| ശ്രീമതി എൽസി | 1.4.2016 മുതൽ 31.3.2017 വരെ |

### സെക്രട്ടറി

| | |
|---|---|
| ശ്രീ. പി ജെ രാജേഷ് കുമാർ | 1.4.2016 മുതൽ 30.11.2016 വരെ |

| | |
|---|---|
| ശ്രീമതി റ്റി വി സുധർമണി<br>(ഹെഡ് ക്ലർക്ക്, സെക്രട്ടറിയുടെ അധിക ചുമതല) | 1.12.2016 മുതൽ 20.12.2016 വരെ |
| ശ്രീമതി ആർ വത്സല | 21.12.2016 മുതൽ 31.3.2017 വരെ |

## മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | |
|---|---|
| **കൃഷി ഓഫീസർ** | |
| ശ്രീ. അജയകുമാർ | 1.4.2016-24.7.2016 |
| ശ്രീ. അജീബ് | 25.7.2016-31.3.2017 |
| **മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)** | |
| ഡോ. ജേക്കബ് ജോൺ | 1.4.2016-31.3.2017 |
| **മെഡിക്കൽ ഓഫീസർ (ഹോമിയോ)** | |
| ഡോ. രാധാകൃഷ്ണൻ പി ആർ | 1.4.2016-31.3.2017 |
| **അസിസ്റ്റന്റ് എഞ്ചിനീയർ** | |
| ശ്രീ.പി സി രാഘവൻ | 1.4.2016-21.7.2016 |
| ശ്രീമതി ബിന്ദു വി എസ് | 22.7.2016-31.3.2017 |
| **വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ** | |
| ശ്രീ. ഫിന്നി കെ രാജു | 1.4.2016-25.7.2016 |
| ശ്രീ. ആഷിക്ക് കോയ തങ്ങൾ | 26.7.2016-29.10.2016 |
| ശ്രീമതി അഖില വി | 30.10.2016-31.3.2017 |
| **വെറ്ററിനറി സർജൻ** | |
| ഡോ. ചിത്ര | 1.4.2016-31.3.2017 |

| | |
|---|---|
| **ഐ.സി.ഡി.എസ് സൂപ്പർവൈസർ** | |
| ശ്രീമതി സൂസൻ മേരി എ കെ | 1.4.2016-31.3.2017 |
| **മെഡിക്കൽ ഓഫീസർ (ആയ്യുർവ്വേദം)** | |
| ഡോ. മഞ്ചു | 1.4.2016-31.3.2017 |

## റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

## ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

## ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

## ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

## ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

## അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. ബാലൻസ് ഷീറ്റ്
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

**ഉള്ളടക്കം**


| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | **ഭാഗം-1** | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക- അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകന വിവരങ്ങൾ | 1-6 |
| 7 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-7 |

| | | |
|---|---|---|
| 8 | തനത് വരുമാനം | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | മിനിറ്റ്സ് ബുക്ക് പരിശോധന- അപാകതകൾ | 1-10 |
| 11 | ക്യാഷ് വെരിഫിക്കേഷൻ | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | **ഭാഗം-2** | |
| 13 | രസീതുപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-1 |
| 14 | മാരാമൺ കൺവൻഷനോടനുബന്ധിച്ച് വസ്തു ഉടമകളിൽ നിന്ന് തറവാടക കൃത്യമായി ഈടാക്കുന്നില്ല | 2-2 |
| 15 | മാരാമൺ കൺവൻഷനോടനുബന്ധിച്ച് പാർക്കിംഗ് ഫീസ് പിരിക്കാനുള്ള അവകാശം , കച്ചവടം നടത്താനുള്ള അവകാശം എന്നിവ മുൻവർഷത്തേക്കാൾ കുറഞ്ഞതുകയ്ക്ക് നൽകിയിരിക്കുന്നു | 2-3 |
| 16 | പെർമിറ്റ് ഫീസ് ഈടാക്കുന്നതിലെ അപാകതകൾ | 2-4 |

| | | |
|---|---|---|
| 17 | ഡി & ഒ ലൈസൻസ്- അപാകതകൾ | 2-5 |
| 18 | ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല | 2-6 |
| | **ഭാഗം-3** | |
| 19 | മാറാനാഥാ റോഡിൽ കലുങ്ക് നിർമ്മാണം- അപാകതകൾ | 3-1 |
| 20 | ഫോട്ടോസ്റ്റാറ്റ് മെഷീനിന് അധികം തുക നൽകിയത് നിരാകരിക്കുന്നു | 3-2 |
| 21 | തെരുവു വിളക്ക് ഉപകരണങ്ങൾ വാങ്ങൽ പദ്ധതിയിലെ അപാകതകൾ | 3-3 |
| 22 | എഗ്രിമെന്റ് വെച്ച മരാമത്തു പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നില്ല | 3-4 |
| 23 | മരാമത്ത് പ്രവൃത്തി-പഞ്ചായത്തുപരിധിയ്ക്ക് പുറത്ത് സാധനങ്ങൾ സപ്ലൈ ചെയ്തതിന്റെ ബില്ല് ഹാജരാക്കി കൺവീനർ പ്രതിഫലം കൈപ്പറ്റി | 3-5 |
| 24 | വി.ഇ.ഓ നിർവ്വഹിച്ച പ്രൊജക്ടുകൾ- അപാകതകൾ | 3-6 |
| 25 | ഇ.എം.എസ് ഭവന പദ്ധതി - അപാകതകൾ | 3-7 |

| | | |
|---|---|---|
| 26 | വെള്ളക്കരം - വാട്ടർ അതോറിറ്റിയുമായി ഒത്തുത്തീർപ്പു ശ്രമങ്ങൾ ഫലം കാണുന്നില്ല, കുടിശ്ശിക പഞ്ചായത്തിന് സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്നു | 3-8 |
| 27 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - മീറ്ററിംഗ് പ്രവൃത്തികൾ മന്ദഗതിയിൽ | 3-9 |
| 28 | എസ്.എസ്.എ പദ്ധതി- പഞ്ചായത്ത് മോണിട്ടറിംഗ് നടത്തുന്നില്ല | 3-10 |
| 29 | മരുന്നു വാങ്ങൽ പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല | 3-11 |
| 30 | റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ ഗുരുതരമായ അലംഭാവം | 3-12 |
| 31 | റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച | 3-13 |
| 32 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല | 3-14 |
| 33 | ആശ്രയ പദ്ധതി - അവലോകനം | 3-15 |
| | **ഭാഗം-4** | |

| | | |
|---|---|---|
| 34 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 35 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2016-17വർഷത്തെ ബഡ്ജറ്റ് 3.3.2016-ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *ഇനം* | *പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം)* | *യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം)* | *വ്യത്യാസം* | |
|---|---|---|---|---|
| | | | *കൂടുതൽ* | *കുറവ്* |
| മുന്നിരിപ്പ് | 1180450 | 2967553 | 1787103 | |
| വരവ് | 33689000 | 32259190 | | 1429810 |
| ആകെ | 34869456 | 35226743 | 357293 | |
| ചെലവ് | 33185000 | 30663623 | | 2521377 |
| നീക്കിയിരിപ്പ് | 1684450 | 4563120 | 2878670 | |

പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. മുൻവർഷത്തെ ബഡ്ജറ്റ്, യഥാർത്ഥ വരവു-ചെലവു കണക്കുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് മാനുവൽ നിബന്ധനകൾക്ക് വിധേയമായി വരും വർഷങ്ങളിൽ ബഡ്ജറ്റ് തയ്യാറാക്കുവാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

2016-17 വർഷത്തെ ബഡ്ജറ്റ് പുതുക്കി അംഗീകരിച്ചു എന്ന് 9.3.2017-ലെ 9-ാം നമ്പർ തീരുമാനമായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുകകളോ വിശദാംശങ്ങളോ ഈ തീരുമാനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. അവ്യക്തമായ തീരുമാനങ്ങൾ മിനിറ്റ്സിൽ ഉൾപ്പെടുത്തുന്നത് ശരിയായ നടപടിയല്ല. ബഡ്ജറ്റിനെ വളരെ ലാഘവത്തോടെയാണ് പഞ്ചായത്തധികൃതർ വീക്ഷിക്കുന്നത് എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കാവുന്നത്. അതീവ ഗൗരവത്തോടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| *വർഷം* | *ധനകാര്യപത്രിക ലഭിക്കേണ്ട തീയതി* | *ലഭിച്ച തീയതി (അപാകത പരിഹരിച്ച് ലഭ്യമാക്കിയത്)* |
|---|---|---|
| 2016-17 | 15.5.2017 | 21.6.2017 |

## 1-3 വാർഷിക ധനകാര്യപത്രിക – അപാകതകൾ

ഓഡിറ്റിനായി ലഭ്യമാക്കിയ 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ കാണപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1. ഷെഡ്യൂൾ-B-18: ഇംപ്ലിമെന്റിംഗ് ഓഫീസർമാർക്ക് അഡ്വാൻസ് എന്നയിനത്തിൽ 315402 രൂപ കാണിച്ചിരിക്കുന്നു. ഇത് ഏതിനത്തിലുള്ള തുകയാണെന്ന് വ്യക്തമാക്കിയിട്ടില്ല.

2. I-6 : എൻ.ആർ.ഇ.ജി.എസ്- ആകെ വരവ് ഇ.എഫ്.എം.എസ് തുക ഉൾപ്പെടെ യഥാർത്ഥ തുക 9443092രൂപയാണ്. ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നത് 9393500രൂപയാണ്. ആയത് കൃത്യമാക്കേണ്ടതാണ്.

3. RP-43: വസ്തുനികുതിയിനത്തിൽ കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത ബോധ്യപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങളുമായി തുകകൾ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ഷെഡ്യൂൾ

ബി-9, ബി-15, എന്നിവയിലെ തുകകളുടെ കൃത്യതയും ബോധ്യപ്പെട്ടിട്ടില്ല.

4. RP-36: ഡി&ഓ ലൈസൻസ് അഡ്വാൻസ് കളക്ഷനായി രേഖപ്പെടുത്തിയിരിക്കുന്നത് 39300 രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരമുള്ള തുക 34600രൂപയാണ്.

5. പ്രൊജക്റ്റ് നം.S.80/17 പ്രകാരം (ഭവന പുനരുദ്ധാരണം- ജനറൽ) 80000രൂപ തനതുഫണ്ടിൽ നിന്നും ചെലവുവന്നിട്ടുണ്ട്(ചെക്ക് നം.0334864/23.3.17). എന്നാൽ ചെലവുപത്രികയിൽ പ്രസ്തുത പദ്ധതിയ്ക്ക് തനതുഫണ്ട് ചെലവ് കാണിച്ചിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

5. 6. സാംഖ്യാ സമ്പ്രദായം നിലവിൽ വരുന്നതിനു മുമ്പുണ്ടായിരുന്ന ആസ്തികളുടെ കൃത്യമായ കണക്ക് തയ്യാറാക്കിയല്ല ഷെഡ്യൂൾ B-11 തയ്യാറാക്കിയിരിക്കുന്നത്. ആസ്തി രജിസ്റ്റർ കൃത്യമാക്കി ആസ്തി മൂല്യം കണക്കാക്കേണ്ടതാണ്.

വാർഷിക കണക്കിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| *ഇനം* | *2016-17* |
|---|---|
| മുന്നിരിപ്പ് | 3096200 |
| വരവ് | 32130543 |
| ആകെ | 35226743 |
| ചെലവ് | 30663623 |
| നീക്കിയിരിപ്പ് | 4563120 |

## 1-5 ഫണ്ട് വിനിയോഗം

| *ഫണ്ടിനം* | *മുൻ ബാക്കി* | *വരവ്* | *ആകെ* | *ചെലവ്* | *ലാപ്സായ തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതു വിഭാഗം) | - | 7025342 | 7025342 | 5837677 | 1187655 | 83 |
| വികസനഫണ്ട് (എസ്.സി.പി) | - | 2515536 | 2515536 | 1443472 | 1072064 | 57.3 |
| വികസനഫണ്ട് (ടി.എസ്.പി) | - | 40341 | 40341 | - | - | 100 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | - | 6608223 | 6608223 | 1541648 | 5066575 | 23.3 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | - | 2554755 | 2554755 | 1594755 | 960000 | 62.4 |
| 13th CFC ഗ്രാന്റ് | - | 3940362 | 3940362 | 3747628 | 192734 | 95.1 |

| | | | | | | |
|---|---|---|---|---|---|---|
| ലോക ബാങ്ക് ധന സഹായം | - | 2063252 | 2063252 | - | 2063252 | - |

# 1-6 പദ്ധതി അവലോകന വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| *അംഗീകാരം ലഭിച്ചത്* | *അടങ്കൽ* | *നടപ്പാക്കിയത്* | *ചെലവഴിച്ച തുക* | *നടപ്പാക്കാത്തവ* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| 126 | 35372290 | 61 | 17785701 | 65 | 50.28 |

# 1-7 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| *വികസന മേഖല* | *അംഗീകരിച്ച പ്രോജക്കുകൾ* | | *നടപ്പാക്കിയ പ്രോജക്കുകൾ* | | |
|---|---|---|---|---|---|
| | *എണ്ണം* | *അടങ്കൽ തുക* | *എണ്ണം* | *ചെലവ് തുക* | *ചെലവ് ശതമാനം* |
| ഉല്പാദനം | 14 | 3796200 | 13 | 2465328 | 64.94 |
| സേവനം | 43 | 16449387 | 33 | 11303892 | 68.71 |

| | | | | | |
|---|---|---|---|---|---|
| പശ്ചാത്തലം | 69 | 15126703 | 15 | 4016481 | 26.55 |
| ആകെ | **126** | **35372290** | **61** | **17785701** | **50.28** |

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പദ്ധതികൾ* | *നടപ്പാക്കിയ പദ്ധതികൾ* | *വകയിരുത്തിയ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| സെക്രട്ടറി | 27 | 21 | 4972880 | 3907897 | 78.58 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 64 | 11 | 15695133 | 2546676 | 16.22 |
| വി.ഇ.ഒ | 14 | 8 | 7311877 | 5899972 | 80.69 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 2 | 2 | 901200 | 897520 | 99.59 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 50000 | 50000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 500000 | 500000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 2635000 | 1518308 | 57.62 |
| കൃഷി ഓഫീസർ | 7 | 7 | 2243700 | 2071328 | 92.31 |
| വെറ്ററിനറി സർജൻ | 6 | 6 | 1062500 | 394000 | 37.08 |
| **ആകെ** | **126** | **61** | **35372290** | **17785701** | **50.28** |

## നിർബന്ധിത വകയിരുത്തലുകളും ചെലവും

| *പദ്ധതി* | *വകയിരുത്തൽ* | *ചെലവ്* |
|---|---|---|
| വനിതാ ഘടക പദ്ധതി | 1632378 | 1468662 |
| വൃദ്ധർ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ | 1713936 | 1224800 |
| പാലിയേറ്റിവ് കെയർ | 801200 | 797520 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 200000 | - |
| പരിസ്ഥിതി സംരക്ഷണം | - | - |
| യുവജന വികസന പദ്ധതി | 260000 | - |

# 1-8 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| *ഇനം* | *മുൻവർഷം* | *തൻവർഷം* | *വ്യത്യാസം* | *ശതമാനം (+)/(-)* |
|---|---|---|---|---|
| നികുതി വരവുകൾ | 3068473 | 4777482 | 1709009 | 55.69 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 157336 | 359434 | 202098 | 128.44 |
| മറ്റ് വരവുകൾ | 325945 | 381016 | 55071 | 16.89 |
| ആകെ | **3551754** | **5517932** | **1966178** | **55.35** |

# 1-9 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *ക്ഷേമപദ്ധതിയുടെ പേര്* | *ഗുണഭോക്താക്കളുടെ എണ്ണം* | *ചെലവഴിച്ച തുക* |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 88 | 897620 |
| വിധവാ പെൻഷൻ | 408 | 4787410 |
| വാർദ്ധക്യകാല പെൻഷൻ | 823 | 14363390 |
| വികലാംഗ പെൻഷൻ | 107 | 1104145 |

| | | |
|---|---|---|
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 13 | 176600 |

## 1-10 മിനിറ്റ്സ് ബുക്ക് പരിശോധന- അപാകതകൾ

ഗ്രാമപഞ്ചായത്തിലെ വിവിധ കമ്മറ്റികളുടെ മിനിറ്റ്സ് ബുക്കുകൾ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ പറയുന്നു.

ജനറൽ കമ്മറ്റിയുടെ 28.4.17 വരെയുള്ള മിനിറ്റ്സ് മാത്രമേ എഴുതിയിട്ടുള്ളൂ. 28.4.17-ലെ മിനിറ്റ്സിൽ തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തീരുമാനങ്ങൾക്ക് നമ്പരുകൾ നൽകിയിട്ടില്ല. 7.1.16, 3.3.16, 4.4.16, 11.8.16, 26.8.16, 26.9.16, 9.3.17, 24.3.17, 30.3.17, 5.4.17, 28.4.17 എന്നീ ദിവസങ്ങളിലെ മിനിറ്റ്സുകൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. മാത്രവുമല്ല, മിനിറ്റ്സിൽ പല തീരുമാനങ്ങളും അപൂർണ്ണമായി രേഖപ്പെടുത്തിയിരിക്കുന്നു.(ഉദാ- 5.10.16-ലെ 6-ാം നമ്പർ, 8.2.16-ലെ 2-ാം നമ്പർ, 26.7.16-ലെ I(1)-ാം നമ്പർ തീരുമാനങ്ങൾ).

കൂടാതെ, ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 2.3.16-ലെ മിനിറ്റ്സ്, ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 22.2.16-ലെ മിനിറ്റ്സ്, ആരോഗ്യ-വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 24.9.16 മുതൽ 5.12.16 വരെയുള്ള മിനിറ്റ്സുകൾ എന്നിവയും സാക്ഷ്യപ്പെടുത്താത്തവയാണ്.

കമ്മറ്റിത്തീരുമാനങ്ങൾ യഥാസമയം സാക്ഷ്യപ്പെടുത്താത്തത് ഗുരുതരമായ അപാകതയാണ്. അദ്ധ്യക്ഷൻ സാക്ഷ്യപ്പെടുത്താത്ത തീരുമാനങ്ങൾ അസാധുവാണ്. പ്രസ്തുത അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റിത്തീരുമാനങ്ങളിൽ സാമൂഹ്യസുരക്ഷാ പെൻഷനുകളെക്കുറിച്ചു മാത്രമാണ് ചർച്ചകൾ നടക്കുന്നതെന്ന് വ്യക്തമാണ്. പൊതുജനക്ഷേമം, അംഗൻവാടികളിലെ പ്രവർത്തനങ്ങൾ, സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമപ്രവർത്തനങ്ങൾ മുതലായവ സംബന്ധിച്ച്

എന്തെങ്കിലും വിഷയങ്ങൾ ചർച്ച ചെയ്യതായോ തീരുമാനങ്ങൾ കൈക്കൊള്ളുന്നതായോ കാണുന്നില്ല. ഓരോ മേഖലയിലേയും സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട് എന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

## 1-11 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.7.2017-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 9882/- (ഒൻപതിനായിരത്തി എണ്ണൂറ്റി എൺപത്തി രണ്ട്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7.6.17-8.6.17 | 2/17-3/17 | നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.2.14-3.3.14 | 2008-09 മുതൽ 2012-13 വരെ | 3.5.2014 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതുപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

വെറ്ററിനറി സർജൻ നിർവഹണം നടത്തിയ മുട്ടക്കോഴി വളർത്തൽ പദ്ധതിയുടെ ഗുണഭോക്തൃവിഹിതമായി 52000/- രൂപ (104 x 500) ഈടാക്കിയിട്ടുണ്ട്. എന്നാൽ ഇതിൽ 49500/- രൂപ മാത്രമാണ് പഞ്ചായത്തിൽ നിന്നും വിതരണം ചെയ്ത (11247-ാംനമ്പർ) രസീതുബുക്ക് പ്രകാരം പിരിച്ചിട്ടുള്ളത്. പ്രസ്തുത രസീതു ബുക്കിലെ ലീഫുകൾ തീർന്നതിനാൽ അവസാനത്തെ 5 പേരിൽ നിന്നും 500 രൂപ വീതം (2500/- രൂപ) വാങ്ങിയതിന് വെള്ളപ്പേപ്പറിൽ കൈപ്പറ്റുരസീത് എഴുതി നൽകുകയാണ് ചെയ്തത്. ആയത് ഗുരുതരമായ അപാകതയാണ്. പഞ്ചായത്തിൽ നിന്ന് വിതരണം ചെയ്യുന്ന രസീതുകൾ ഉപയോഗിച്ച് മാത്രം ഗുണഭോക്തൃവിഹിതം ഈടാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

രസീതുകൾ എഴുതുന്നതിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കേണ്ടതും തുക കൈപ്പറ്റുന്ന വ്യക്തി രസീതിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതുമാണ്.

ഔട്ട് ഡോർ കളക്ഷനു വേണ്ടി ഉപയോഗിച്ച മാന്വൽ രസീതുബുക്കിൽ സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ അവശേഷിച്ച രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല.(ഉദാ.11241-ാം നമ്പർ രസീതുബുക്കിലെ നമ്പർ 91മുതൽ 100 വരെയുള്ളവ) നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്ന രസീതു ബുക്കുകളിൽ സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ ബാക്കിവരുന്ന രസീതുകൾ (ഉദാ. 11250-ാം നമ്പർ രസീതുബുക്കിലെ 37 മുതൽ 100 വരെയുള്ളവ) നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തേണ്ടതും പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കേണ്ടതുമാണ്.

# 2-2 മാരാമൺ കൺവൻഷനോടനുബന്ധിച്ച് വസ്തു ഉടമകളിൽ നിന്ന് തറവാടക കൃത്യമായി ഈടാക്കുന്നില്ല

മാരാമൺ കൺവൻഷനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന താൽക്കാലിക സ്റ്റാളുകൾ സ്ഥാപിക്കാൻ വസ്തു വിട്ടു നൽകുന്ന വസ്തു ഉടമകളിൽ നിന്നും ഗ്രാമപഞ്ചായത്ത് തറവാടക ഈടാക്കുന്ന രീതി വർഷങ്ങളായി തുടർന്നു വരുന്നു. 2017-ലെ മാരാമൺ കൺവൻഷനോടനുബന്ധിച്ച് വസ്തു ഉടമകളിൽ നിന്ന് മുൻവർഷത്തേക്കാൾ 10% കൂട്ടി തറവാടക ഈടാക്കാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന വസ്തു ഉടമകൾ തറവാടകയിനത്തിൽ നിശ്ചയിച്ച തുക പഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

| *ക്രമ നമ്പർ* | *വസ്തു ഉടമയുടെ പേരും മേൽവിലാസവും* | *അടയ്ക്കേണ്ട തുക* |
|---|---|---|
| 1 | കെ.എം തോമസ്സ്<br>കൈതമംഗലത്ത്<br>മാരാമൺ | 5500/- |
| 2 | ജിബു മാത്യു<br>ചക്കാലയിൽ<br>മാരാമൺ | 14700/-<br>(2017വർഷം- 7700/-)<br>( 2016 വർഷം- 7000/-) |
| 3 | ഏലിയാമ്മ മാത്യു<br>നമ്പുരയ്ക്കമണ്ണിൽ<br>മാരാമൺ | 7150/- |
| 4 | റ്റി.വി.തോമസ്സ് | 2100/- |

| | | |
|---|---|---|
| | മേപ്രത്ത്<br>മാരാമൺ | (2017വർഷം-1100/-)<br>( 2016 വർഷം-1000/-) |
| 5 | തോമസ്സ് മാത്യു<br>മുളപ്പോൺമണ്ണിൽ<br>മാരാമൺ | 2100/-<br>(2017വർഷം-1100/-)<br>( 2016 വർഷം-1000/-) |

വസ്തു ഉടമകളിൽ നിന്ന് തറവാടകയിനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 മാരാമൺ കൺവൻഷനോടനുബന്ധിച്ച് പാർക്കിംഗ് ഫീസ് പിരിക്കാനുള്ള അവകാശം , കച്ചവടം നടത്താനുള്ള അവകാശം എന്നിവ മുൻവർഷത്തേക്കാൾ കുറഞ്ഞതുകയ്ക്ക് നൽകിയിരിക്കുന്നു

മാരാമൺ കൺവൻഷൻ കാലത്ത് പഞ്ചായത്ത് ആഫീസിന്റെ പരിസരത്തുള്ള പഞ്ചായത്ത് വക സ്ഥലത്ത് വാഹനങ്ങൾ പാർക്കിംഗ് നടത്തുന്നതിനുള്ള ഫീസ് പിരിക്കുന്നതിനുള്ള അവകാശം, പഞ്ചായത്ത് ആഫീസിന്റെ മുൻവശത്തുള്ള ഏകദേശം 100 ച.മീ പി.ഡബ്ലു.ഡി സ്ഥലത്ത് സ്റ്റാൾ കെട്ടി കച്ചവടം നടത്തുന്നതിനുള്ള അവകാശം എന്നിവ 2016 ൽ ക്വട്ടേഷൻ ഉറപ്പിച്ച തുകയേക്കാൾ (28660/-)കുറഞ്ഞ തുകയ്ക്കാണ് 2017 ൽ ലേലം ഉറപ്പിച്ചിരിക്കുന്നത് (27534/-). മറ്റുള്ള വസ്തു ഉടമകൾ വർഷാവർഷം കൂടിയ വാടകയ്ക്ക് സ്ഥലം വിട്ടു നൽകുമ്പോൾ പഞ്ചായത്ത് നേരിട്ടു പിരിക്കുന്ന തുക വരുമാനം കുറഞ്ഞു വരുന്നത് പഞ്ചായത്ത് വരുമാനത്തിന്റെ ശോഷണത്തിന് കാരണമാകുമെന്നതിനാൽ ഈ വിഷയത്തിൽ ഭരണസമിതി ഉദ്യോഗസ്ഥർ എന്നിവർ ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-4 പെർമിറ്റ് ഫീസ് ഈടാക്കുന്നതിലെ അപാകതകൾ

പെർമിറ്റ് രജിസ്റ്ററും രേഖകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപേക്ഷകരിൽ നിന്നും പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവുവന്നിട്ടുണ്ടെന്ന് വ്യക്തമായിട്ടുണ്ട്.

| *ക്രമ നമ്പർ* | *അപേക്ഷകന്റെ പേരും മേൽവിലാസവും* | *യഥാർത്ഥ പ്ലിന്ത് ഏരിയ* | *പെർമിറ്റിനായി കണക്കിലെടുത്ത പ്ലിന്ത് ഏരിയ* | *ഈടാക്കിയ പെർമിറ്റ് ഫീസ്* | *ഈടാക്കാനുള്ള പെർമിറ്റ് ഫീസ്* |
|---|---|---|---|---|---|
| 1 | ജിനു തോമസ്സ് മാത്യു, കോയിത്തോടത്ത് പുത്തൻവീട്,<br><br>മാരാമൺ.പി.ഒ | ബേസ്മെന്റ്-202.32 ച.മീ<br><br>ഗ്രൗണ്ട് ഫ്ലോർ-202.32 ച.മീ<br><br>ഫസ്റ്റ് ഫ്ലോർ-223.92 ച.മീ<br><br>50% വരാന്ത-25.70 ച.മീ<br><br>ടെറസ്സ് ഫ്ലോർ-17.28<br><br>**ആകെ -671.54 ച.മീ** | ബേസ്മെന്റ്-202.32 ച.മീ<br><br>ഗ്രൗണ്ട് ഫ്ലോർ-202.32 ച.മീ<br><br>ടെറസ്സ് ഫ്ലോർ-17.28<br><br>**ആകെ - 421.92 ച.മീ** | 421.92 x 5—2110/- | 249.62 x 5—1248/- |
| 2 | ഡോ.പി.എം മാത്യു<br><br>പുത്തൂർ മേടയിൽ<br><br>നെടുമ്പ്രയാർ | ബേസ്മെന്റ്-200.45 ച.മീ<br><br>ഗ്രൗണ്ട് ഫ്ലോർ-194.36 ച.മീ | ബേസ്മെന്റ്-194.36 ച.മീ<br><br>ഗ്രൗണ്ട് ഫ്ലോർ-194.36 ച.മീ | 619.82 x 5---3100/- | 201.57 x 5—1007.85 |

| | | | | | |
|---|---|---|---|---|---|
| | | ഫസ്റ്റ് ഫ്ലോർ-195.48 ച.മീ<br><br>സെക്കന്റ് ഫ്ലോർ-195.48 ച.മീ<br><br>ടെറസ്സ് ഫ്ലോർ-35.62 ച.മീ<br><br>**ആകെ - 821.39 ച.മീ** | ഫസ്റ്റ് ഫ്ലോർ-195.48 ച.മീ<br><br>ടെറസ്സ് ഫ്ലോർ-35.62 ച.മീ<br><br>**ആകെ - 619.82 ച.മീ** | | |

ഇവരിൽ നിന്ന് തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. യഥാർത്ഥ അളവുകൾ അടിസ്ഥാനമാക്കി പെർമിറ്റ് ഫീസ് ഈടാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 ഡി & ഒ ലൈസൻസ്- അപാകതകൾ

ഡി&ഒ ലൈസൻസിനുള്ള അപേക്ഷകൾ,രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു-

1. 'അശ്വതി ഇൻഡസ്ട്രീസ് ' എന്ന സ്ഥാപനത്തിന്റെ ഡി&ഒ ലൈസൻസ് അപേക്ഷയിൽ 3ജീവനക്കാർ ഉണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2. ബിരിയാണി പ്ലസ്സ് , ലീ പാലസ്സ് ഹോട്ടൽ എന്നീ സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ എണ്ണവും (യഥാക്രമം 6,7) ലൈസൻസിനൊപ്പം ഹാജരാക്കിയ ജീവനക്കാരുടെ മെഡിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റുകളുടെ എണ്ണവും (യഥാക്രമം 8,10) തമ്മിൽ വ്യത്യാസമുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം കൃത്യമായി കണക്കാക്കാനും അവരിൽനിന്ന് വരുമാനത്തിന് ആനുപാതികമായി തൊഴിൽനികുതി ഈടാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല

1. തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ,കുറിയന്നൂർ 2016-17 രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി,സ്ഥാപന നികുതി ഇവ അടച്ചിട്ടില്ല.

2. ഗവ.ഹോമിയോ ഡിസ്പെൻസറിയിലെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി റിട്ടേൺ പ്രകാരം അറ്റൻഡറായ ശ്രീമതി ഉഷ.കെ.ആർ ന്റെ അർദ്ധവാർഷിക വരുമാനം 140400/- രൂപയാണ്. 1250/- രൂപ തൊഴിൽനികുതി ഈടാക്കേണ്ട ഈ ഉദ്യോഗസ്ഥയിൽ നിന്ന് 1000/-രൂപയാണ് ഈടാക്കിയിരിക്കുന്നത്. തൊഴിൽനികുതിയിനത്തിൽ ബാക്കി ഈടാക്കാനുമുള്ള 250/-രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരായ ശ്രീ. റ്റി.ജി.ദിവാകരൻ നായർ , തടീശ്ശേരിൽ , വെള്ളിയറ , ശ്രീ. റോബിൻ.കെ.മാത്യു,കുറ്റിയിൽ,നാറാണംമൂഴി എന്നിവരിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

പ്രസ്തുത തുകകൾ പിഴപ്പലിശ സഹിതം ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുകയും വിവരം ഓഡിറ്റിൽ അറിയിക്കുകയും ചെയ്യേണ്ടതാണ് അല്ലാത്തപക്ഷം ആയത് സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കി ചാർജ്ജ് നടപടി സ്വീകരിക്കുന്നതായിരിക്കും.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 മാറാനാഥാ റോഡിൽ കലുങ്ക് നിർമ്മാണം- അപാകതകൾ

| | |
|---|---|
| *പ്രൊജക്ട് നം.* | *SO.104/17* |
| *അടങ്കൽ തുക* | *രൂ.150000* |
| *കോൺട്രാക്ടർ* | *ശ്രീ.ജോസഫ് തോമസ്* |
| *ചെലവുവിവരം* | *ബിൽ നം.11/22.3.17- 149955രൂപ* |

പ്രവൃത്തിയുടെ നിർവ്വഹണത്തിലുണ്ടായ അപാകതകൾ താഴെ പറയുന്നു.

**(എ)** പ്രവൃത്തിയുടെ എഗ്രിമെന്റ് വെച്ചിരിക്കുന്നത് 29.2.16-ലാണ്. 3മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ 12.7.16-ലാണ് പ്രവൃത്തി പൂർത്തീകരിച്ചത്. കേരള പൊതുമരാമത്ത് മാനവൽ [ജി.ഓ(പി)13/2012/PWD/1.2.12] പ്രകാരം കരാർ കാലാവധി ദീർഘിപ്പിക്കേണ്ടി വരുന്ന സന്ദർഭത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കേണ്ടതും, കാലാവധി ദീർഘിപ്പിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കാത്തപക്ഷം കരാർ ദുർബലപ്പെടുത്താവുന്നതുമാണ്. ദീർഘീകരണത്തിനുള്ള അനുമതി ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണെന്നും അതിന് തുക നൽകാവുന്നതല്ലെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രസ്തുത നിബന്ധനകളൊന്നും പാലിക്കാതെയാണ് കരാറുകാരന് തുക നൽകിയത്. തുക നൽകിയ സാഹചര്യത്തിൽ പിഴ ഈടാക്കിയുമില്ല. പിഴയിനത്തിൽ ഈടാക്കാമായിരുന്ന തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു-

29.

2. 29.2.16 മുതൽ 29.5.16വരെ- 3മാസം PAC-യുടെ 1% = 149998X1%= 1500

30.5.16മുതൽ 12.7.16വരെ- 44ദിവസം- 2% = 149998X2%X44/90= <u>1467(മിനിമം-2000)</u>

ആകെ- 3500രൂപ
ടി തുക കരാറുകാരനിൽ നിന്നോ, ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

**(ബി)** പദ്ധതിയുടെ ആസൂത്രണത്തിലുണ്ടായിട്ടുള്ള പാളിച്ചകൾ ഭൗതികപരിശോധനയിൽ വ്യക്തമായിട്ടുണ്ട്. 2015-16വർഷം ആസൂത്രണം ആരംഭിച്ച പ്രൊജക്ടിന്റെ എസ്റ്റിമേറ്റിൽ കലുങ്കിന്റെ വശങ്ങളിലെ പാരപ്പെറ്റ് നിർമ്മാണവും റോഡിന്റെ സൈഡ് കെട്ടും ഉൾപ്പെടുത്തിയിരുന്നില്ല. ആയതിനാൽ പാരപ്പെറ്റ് ഇല്ലാതെയാണ് കലുങ്ക് നിർമ്മിച്ചത്. തുടർന്ന് 2016-17വർഷം മാറാനാഥാ റോഡ് സൈഡ് കെട്ട് എന്ന പേരിൽ പുതിയ പ്രൊജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും 2016-17വർഷം നടപ്പാക്കിയിരുന്നില്ല. നിലവിൽ റോഡിന്റെ സൈഡ് കെട്ട് നടന്നുവരുന്നു. രണ്ടു വശങ്ങളിലും ഇപ്പോൾ പാരപ്പെറ്റ് നിർമ്മിച്ചുവെങ്കിലും, വാഹനങ്ങൾ സുഗമമായി കടന്നുപോകുന്നതിന് വിഘാതമുണ്ടാക്കുന്ന രീതിയിലാണ് പാരപ്പെറ്റ് നിർമ്മിച്ചിരിക്കുന്നത്. റോഡിന്റെ അതേ വീതിയിൽ കലുങ്ക് നിർമ്മിച്ചിട്ടില്ല. റോഡിൽ 'കുപ്പിക്കഴുത്ത് ' പോലെ കലുങ്ക് നിലനിൽക്കുന്ന കാഴ്ച സാങ്കേതികപിഴവിന്റെ വ്യക്തമായ തെളിവായി നിലകൊള്ളുന്നു.

പുതിയ പ്രൊജക്ട് പ്രകാരം റോഡിന്റെ സൈഡിൽ കരിങ്കല്ല് കെട്ട് നടത്തിയെങ്കിലും തകർന്നു കിടക്കുന്ന റോഡിൽ വളരെയധികം മണ്ണ് നിറച്ചാൽ മാത്രമേ ഗതാഗതയോഗ്യമാവുകയുമുള്ളൂ. ചുരുക്കത്തിൽ വിവിധ ഘട്ടങ്ങളായി പ്രൊജക്ട് നിർവ്വഹണം നടക്കുന്നതിനാൽ റോഡ് ഗതാഗതയോഗ്യമാകണമെങ്കിൽ നീണ്ട കാത്തിരിപ്പ് ആവശ്യമാണ്.

## 3-2 ഫോട്ടോസ്റ്റാറ്റ് മെഷീനിന് അധികം തുക നൽകിയത് നിരാകരിക്കുന്നു

| | |
|---|---|
| *പദ്ധതിയുടെ പേര്/നമ്പർ* | പഞ്ചായത്ത് ഓഫീസിലേക്ക് ഫോട്ടോകോപ്പിയർ വാങ്ങൽ (7/17) |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | സെക്രട്ടറി |
| *വകയിരുത്തിയ തുക* | 70000/- (തനത് ഫണ്ട്) |
| *ചെലവഴിച്ച തുക* | 66900/- (ചെക്ക് നം. 2960/9.2.17) |

പ്രസ്തുത പദ്ധതി പ്രകാരം ആവലോൻ സിസ്റ്റംസ് ആന്റ് സർവ്വീസസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും ടോഷീബാ ഇ-സ്റ്റുഡിയോ 2803AM മോഡൽ ഫോട്ടോകോപ്പിയർ വാങ്ങിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു-

1. ലഭിച്ച ടെണ്ടറുകൾ പരിശോധിച്ചതിൽ ആവലോൻ സിസ്റ്റംസ് ആന്റ് സർവ്വീസസ്, കോട്ടയം എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ ടോഷീബാ ഇ-സ്റ്റുഡിയോ എന്ന മെഷീന്റെ രണ്ട് മോഡലുക്കളായ 2309A, 2803AM എന്നിവയ്ക്ക് യഥാക്രമം 55000, 66900 (പഴയ മെഷീന്റെ വില കിഴിച്ച്) നൽകിയിരിക്കുന്നത്. രണ്ട് മോഡലുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചതാൽ ആകെയുള്ള വ്യത്യാസം കോപ്പികൾ എടുക്കുന്ന സ്പീഡിലുള്ള ചെറിയ വ്യത്യാസമാണ്. ( 2309A- 23 കോപ്പി പ്രതി മിനിറ്റ്, 2803AM- 28 കോപ്പി പ്രതി മിനിറ്റ്). രണ്ട് മെഷീനുകളുടെ വിലയിൽ 11900/- രൂപയുടെ വ്യത്യാസമുണ്ട്. കോപ്പി എടുക്കുന്ന സ്പീഡിലെ നാമമാത്രമായ വ്യത്യാസം പറഞ്ഞകൊണ്ട് , 11900 രൂപ അധികം ചെലവഴിച്ച് മെഷീൻ വാങ്ങിയ നടപടി ന്യായീകരിക്കാൻ കഴിയുന്നതല്ല.

2. പഴയ ഫോട്ടോസ്റ്റാറ്റ് മെഷീന്റെ വില (BUYBACK AMOUNT) നിശ്ചയിച്ചത് ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങൾ തന്നെയാണ്. ഈ വില നിശ്ചയിക്കേണ്ടത് പൊതു മരാമത്ത് വകുപ്പ് (ഇലക്ട്രോണിക് വിഭാഗം) ആണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (8/25.7.17) ലഭ്യമാക്കിയ മറുപടി അംഗീകരികാത്ത സാഹചര്യത്തിൽ അധികം നൽകിയ തുക 11900/- രൂപ സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കി നിരാകരിക്കുന്നു.

## 3-3 തെരുവു വിളക്ക് ഉപകരണങ്ങൾ വാങ്ങൽ പദ്ധതിയിലെ അപാകതകൾ

| | |
|---|---|
| *പദ്ധതിയുടെ പേര്/നമ്പർ* | തെരുവു വിളക്ക് ഉപകരണങ്ങൾ വാങ്ങൽ (45/17) |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | സെക്രട്ടറി |
| *വകയിരുത്തിയ തുക* | 300000/- (തനത് ഫണ്ട്) |
| *ചെലവഴിച്ച തുക* | 275270/- (ചെക്ക് നം. 334862/22.3.17) |

പ്രസ്തുത പദ്ധതി പ്രകാരം തമ്പുരാൻകാലായിൽ ട്രേഡ് ലിങ്കസ്, നാരങ്ങാനം എന്ന സ്ഥാപനത്തിൽ നിന്നും വിവിധ തെരുവു വിളക്ക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പദ്ധതിയുടെ ടെണ്ടർ ക്ഷണിച്ചതിൽ (സി9-2905/16 തീയതി 1.12.16) ആവശ്യമായ സാധനങ്ങളുടെ ഇനം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. സാധനങ്ങളുടെ ഏകദേശ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി പ്രകാരം വേണ്ട സാധനങ്ങളുടെ ആവശ്യകത നിർണ്ണയം നടത്താതെയാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. എന്നാൽ, സപ്ലൈ ഓർഡർ നൽകിയപ്പോൾ ആവശ്യമായ സാധനങ്ങളുടെ എണ്ണം നിശ്ചയിച്ചത് എപ്രകാരമാണെന്ന് വ്യക്തമല്ല.

2. വാങ്ങിയ ഇലക്ട്രിക്കൽ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3. തമ്പുരാൻകാലായിൽ എന്ന സ്ഥാപനത്തിന്റെ 13.3.2017-ലെ U-7144 നമ്പർ ഇൻവോയിസ് പ്രകാരം ആകെ തുക 250700/- രൂപയാണ്. എന്നാൽ ഇതേ തീയതിയിലെ ഇതേ നമ്പറിലുള്ള ഒരു വ്യത്യസ്ത ഇൻവോയിസ് പ്രകാരം ആകെ തുക 275270/- രൂപയുമാണ്. (*പദ്ധതിയുടെ യഥാർത്ഥ ചെലവ് തുക*) 7.2.17-ലെ സപ്ലൈ ഓർഡർ അനുസരിച്ച നൽകിയ സാധനങ്ങളുടെ വിലയാണ് 250700/- രൂപ. 16.3.17-ന് 300 എണ്ണം CFL CROMPTON 15W ബൾബുകൾക്ക് സപ്ലൈ ഓർഡർ അധികം നൽകിയതിന്റെ തുക കൂടി ചേർത്താണ് 275270/- രൂപയുടെ ബിൽ. 16.3.17-ൽ രണ്ടാം സപ്ലൈ ഓർഡർ നൽകുന്നതിന് മുൻപുള്ള തീയതിയിലെ ഇൻവോയിസ് ബിൽ നൽകിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് (8/26.7.17) മറുപടിയായി, രണ്ടാമത്തെ സപ്ലൈ ഓർഡറിലെ തുക കൂടി ഉൾപ്പെടുത്തിയാണ് 275270/- രൂപയുടെ ഒറ്റ ഇൻവോയിസ് സ്ഥാപനം സമർപ്പിച്ചത് എന്ന വാദം അംഗീകരിക്കുന്നില്ല.

മേൽ പ്രസ്താവിച്ച കാരണങ്ങളാൽ പദ്ധതിയ്ക്കായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

# 3-4 എഗ്രിമെന്റ് വെച്ച മരാമത്തു പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നില്ല

2016-17വർഷം 14സ്പിൽഓവർ പദ്ധതികൾ ഉൾപ്പെടെ, അംഗീകാരം ലഭിച്ച ആകെ 64പ്രവൃത്തികളിൽ കേവലം 3സ്പിൽഓവർ പ്രവൃത്തികളുടേയും 8 പുതിയ പ്രവൃത്തികളുടേയും ബില്ലുകൾ മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം മാറി നൽകിയത്. 37 പ്രവൃത്തികളുടെ ബില്ലുകൾ 31.3.17-നകം തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ചെങ്കിലും അവസാനദിവസമാണ് സമർപ്പിച്ചത് എന്നതിനാൽ 26എണ്ണം ക്യൂ ലിസ്റ്റിലായി. ഇത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുമുള്ള വീഴ്ചയാണ്. എഗ്രിമെന്റ് രജിസ്റ്റർ

പ്രകാരം 54പ്രവൃത്തികളിൽ തൻവർഷം എഗ്രിമെന്റ് വെച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ ഓഡിറ്റ് തീയതി വരെയും പൂർത്തികരിക്കാത്തതായി എഗ്രിമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.

| *ക്രമ നം.* | *പ്രവൃത്തി* | *കൺവീനർ/ കരാറുകാരൻ* | *എഗ്രിമെന്റ് തീയതി* |
|---|---|---|---|
| 1 | S.56/17-കവിണേടത്തുപടി മേച്ചിറ കോളനി റോഡ് മെയിന്റനൻസ് | ബ്രിജിത്ത്.സി | 17.1.17 |
| 2 | S.53/17-പടുതറപടി മേച്ചിറ ബണ്ട് റോഡ് സൈഡ് കെട്ട് | ലാലു | 27.1.17 |
| 3 | S.117/17-പഞ്ചായത്ത് ഓഫീസ് റെക്കോർഡ് റൂമും സെർവർ റൂമും നിർമ്മാണം | ഗോപാലകൃഷ്ണൻ | 8.2.17 |
| 4 | S.128/17-വള്ളപ്പുരകടവ് റോഡ് കോൺക്രീറ്റിംഗ് | പ്രശാന്ത്.ആർ.നായർ | 21.3.17 |
| 5 | S.93/17-ഹോമിയോ ആശുപത്രിയ്ക്ക് സ്റ്റെയർകേസ് നിർമ്മാണം | റോബിൻ.കെ.മാത്യു | 23.3.17 |
| 6 | S.125/17-കടവുകളുടെ സംരക്ഷണം | ജോസഫ് തോമസ് | 31.3.17 |
| 7 | S.122/17-പുല്ലാനിമൂട് വട്ടംകാലാപടി റോഡ് റീടാറിംഗ് | ജോസഫ് തോമസ് | 31.3.17 |

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാഞ്ഞത് ശരിയായ നടപടിയല്ല. യഥാസമയം ഗുണഭോക്തൃസമിതികൾ വിളിച്ചുകൂട്ടാത്തതും, എഗ്രിമെന്റ് വയ്ക്കാൻ കാലതാമസം വരുത്തുന്നതും, എഗ്രിമെന്റിൽ പൂർത്തീകരണകാലാവധി കൃത്യമായി രേഖപ്പെടുത്താത്തതും, കാലതാമസത്തിന് ഫൈൻ ഈടാക്കാത്തതുമെല്ലാം ഇതിന് കാരണമാണ്. നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുമുള്ള അനാസ്ഥ ഇക്കാര്യത്തിൽ വ്യക്തമാണ്. അവസാന മാസം വരെ പ്രവൃത്തികൾ നീട്ടിക്കൊണ്ടുപോകുന്നത് ആശാസ്യമല്ല. വരും വർഷങ്ങളിൽ നടപടിക്രമങ്ങൾ യഥാസമയം കൃത്യമായി പാലിക്കുന്നതിനും, എഗ്രിമെന്റിൽ പൂർത്തീകരണ കാലാവധി കൃത്യമായി രേഖപ്പെടുത്തുന്നതിനും, കാലതാമസത്തിന് ഫൈൻ ഈടാക്കുന്നതിനും അസി.എഞ്ചിനീയർ ശ്രദ്ധിക്കേണ്ടതാണ്. മേൽ പറഞ്ഞ പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 3-5 മരാമത്ത് പ്രവൃത്തി-പഞ്ചായത്തുപരിധിയ്ക്ക് പുറത്ത് സാധനങ്ങൾ സപ്ലൈ ചെയ്തതിന്റെ ബില്ല് ഹാജരാക്കി കൺവീനർ പ്രതിഫലം കൈപ്പറ്റി

താഴെ പറയുന്ന മരാമത്തുപ്രവൃത്തികളിൽ കൺവീനർ ഹാജരാക്കിയത് ആ പ്രവൃത്തികൾക്കു വേണ്ടി ഇറക്കിയ നിർമ്മാണസാമഗ്രികളുടേതല്ല. ഗ്രാമപഞ്ചായത്ത് പരിധിയ്ക്ക് പുറത്തുള്ള മറ്റേതോ പ്രവൃത്തികൾക്കു വേണ്ടി 'അജി, ലക്കി സ്റ്റാർ, അയിരൂർ ' എന്ന വ്യക്തി സാധനങ്ങൾ ഇറക്കിയതിന്റെ ബില്ലുകളാണ് (പനച്ചയിൽ ഇൻഡസ്ട്രീസ്- പോബ്സ് എന്ന സ്ഥാപനത്തിൽ നിന്ന്) ഹാജരാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *പ്രവൃത്തിയുടെ വിവരം, കൺവീനർ, ബിൽ വിവരങ്ങൾ* | *ഹാജരാക്കിയ ബില്ലുകളുടെ വിവരം* | |
|---|---|---|
| S.57/17-അമ്പാട്ടുപടി തോട്ടത്തുമഠത്തിൽ പടി റോഡ് കോൺക്രീറ്റിംഗ്.<br><br>(റ്റി.എ.ജോസഫ്, തോട്ടത്തുമഠത്തിൽ)<br><br>ബിൽ നം.3/17.2.17- 82996രൂപ | എം.സാന്റ്- കാഷ് ബിൽ നം.52901/2.12.16- രൂ.7000 | (മുണ്ടുകോട്ടയ്ക്കൽ, പത്തനംതിട്ട- എന്ന സ്ഥലത്ത് സാധനങ്ങൾ ഇറക്കിയതിന്റെ ബില്ല്). |
| | 20mm മെറ്റിൽ- കാഷ് ബിൽ നം.57581/ 23.12.16- രൂ.4725 | (നാരങ്ങാനം എന്ന സ്ഥലത്ത് സാധനങ്ങൾ ഇറക്കിയതിന്റെ ബില്ല്) |
| | 20mm മെറ്റിൽ- കാഷ് ബിൽ നം.57582/ 23.12.16- രൂ.4806 | (നാരങ്ങാനം എന്ന സ്ഥലത്ത് സാധനങ്ങൾ ഇറക്കിയതിന്റെ ബില്ല്) |
| | 50mm മെറ്റിൽ- കാഷ് ബിൽ നം. 63336/28.1.17- രൂ.1250 | (തോണിപ്പുഴ എന്ന സ്ഥലത്ത് സാധനങ്ങൾ ഇറക്കിയതിന്റെ ബില്ല്) |
| | എം.സാന്റ്- കാഷ് ബിൽ നം. 63447/28.1.17- | (മല്ലപ്പള്ളിയിൽ സാധനങ്ങൾ ഇറക്കിയതിന്റെ ബില്ല്) |

| | | |
|---|---|---|
| | രൂ.6000 | |
| | 12mm മെറ്റിൽ- കാഷ് ബിൽ നം. 58077/24.12.16- രൂ.4725 | (തിരുവല്ലയിൽ സാധനങ്ങൾ ഇറക്കിയതിന്റെ ബില്ല്) |
| S.61/17-മന്നത്താം കുന്നത്ത് പെരുമേത്ത് കാവ് റോഡ് മെയിന്റനൻസ്.<br><br>(സുമൻ.എം.റ്റി, മന്നത്താം കുന്നത്ത്)<br><br>ബിൽ നം.5/17.2.17- രൂ.136174 | 50mm മെറ്റിൽ- കാഷ് ബിൽ നം. 58962/6.1.17- രൂ.4375 | (അയിരൂർ എന്ന സ്ഥലത്ത് സാധനങ്ങൾ ഇറക്കിയതിന്റെ ബില്ല്) |
| | 20mm മെറ്റിൽ- കാഷ് ബിൽ നം. 57649/23.12.16- രൂ.4725 | (നാരങ്ങാനം എന്ന സ്ഥലത്ത് സാധനങ്ങൾ ഇറക്കിയതിന്റെ ബില്ല്) |
| | 20mm മെറ്റിൽ- കാഷ് ബിൽ നം. 59912/11.1.17- രൂ.4050 | (മല്ലപ്പള്ളിയിൽ സാധനങ്ങൾ ഇറക്കിയതിന്റെ ബില്ല്) |
| | എം.സാന്റ്- കാഷ് ബിൽ നം.58181/3.1.17- രൂ.6000 | (മല്ലപ്പള്ളിയിൽ സാധനങ്ങൾ ഇറക്കിയതിന്റെ ബില്ല്) |
| | 12mm മെറ്റിൽ- കാഷ് ബിൽ നം. 58709/5.1.17- രൂ.4725 | (വള്ളംകുളത്ത് സാധനങ്ങൾ ഇറക്കിയതിന്റെ ബില്ല്) |
| | 12mm മെറ്റിൽ- കാഷ് ബിൽ നം. 70555/6.3.17- രൂ.4725 | (ആറന്മുളയിൽ സാധനങ്ങൾ ഇറക്കിയതിന്റെ ബില്ല്- പ്രവൃത്തി 25.1.17-ൽ പൂർത്തീകരിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്) |

പ്രസ്തുത കാരണത്താൽ മേൽപറഞ്ഞ ഒന്നാമത്തെ പ്രവൃത്തിയുടെ കൺവീനർക്ക് നൽകിയ പ്രതിഫലത്തിൽ നിന്നും 28506രൂപയും, രണ്ടാമത്തെ പ്രവൃത്തിയുടെ കൺവീനർക്ക് നൽകിയ പ്രതിഫലത്തിൽ നിന്നും 28600രൂപയും ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

# 3-6 വി.ഇ.ഓ നിർവ്വഹിച്ച പ്രൊജക്കുകൾ- അപാകതകൾ

## (1)<u>പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- നിർമ്മാണം പൂർത്തീകരിക്കാത്തവ</u>

| | |
|---|---|
| പ്രൊജക്ക് നം. | S.36/17 |
| അടങ്കൽ തുക | രൂ.12,00,000 |
| ചെലവുതുക | രൂ.900000 |

12 ഗുണഭോക്താക്കൾക്കു വേണ്ടി ആവിഷ്ക്കരിച്ച ടി പദ്ധതി പ്രകാരം നാളിതുവരെ 9 പേർ നിർമ്മാണം പൂർത്തിയാക്കി മുഴുവൻ തുകയും(@1,00,000) കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ താഴെ പറയുന്ന 3പേർ നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| *ക്രമ നം.* | *ഗുണഭോക്താവ്* | *കൈപ്പറ്റിയ തുക* | *ബിൽ നം., തീയതി* |
|---|---|---|---|
| 1 | ബിന്ദു മനോഹരൻ, പാറയിൽ കണ്ടത്തിൽ | 50,000 | 15/23.2.17 |
| 2 | ശോഭ മോഹൻ, പാറയിൽ | 50,000<br>30,000 | 17/7.3.17<br>27/24.3.17 |

| | | | |
|---|---|---|---|
| 3 | ശ്രീലാൽ.സി.എസ്, ചരളേൽ തടത്തിൽ | 50,000<br>30,000 | 22/14.3.17<br>27/24.3.17 |

നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

**(2)<u>സമ്പൂർണ്ണ ഗാർഹിക ശൗചാലയ പദ്ധതി- അപാകതകൾ</u>**

പ്രൊജക്ട് നം.1/17 പ്രകാരം 269ഗുണഭോക്താക്കളുള്ള ടി പദ്ധതിയിൽ ഒരാൾ ഒഴികെ എല്ലാവരും പ്രവൃത്തി പൂർത്തീകരിച്ച് തുക കൈപ്പറ്റിയിട്ടുണ്ട്(@15400രൂപ). ശ്രീ സാമുവേൽ തോമസ്, മുരുപ്പിൽ, ചിറയിറമ്പ്- എന്ന ഗുണഭോക്താവ് ആദ്യഗഡു 7000രൂപ കൈപ്പറ്റിയെങ്കിലും നാളിതുവരെ ശൗചാലയനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പദ്ധതിയുടെ ഫയൽ അപൂർണ്ണമാണ്. അപേക്ഷ, എഗ്രിമെന്റ് എന്നിവയിൽ ഭൂരിഭാഗം ഗുണഭോക്താക്കളും ഒപ്പു വെച്ചിട്ടില്ല. അർഹതാസാക്ഷ്യ പത്രത്തിൽ വി.ഇ.ഓ-യും ഒപ്പു വെച്ചിട്ടില്ല. ആനുകൂല്യ വിതരണവുമായി ബന്ധപ്പെട്ട ഫയലുകൾ കൃത്യമായി സൂക്ഷിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**(3)<u>ഭവനപുനരുദ്ധാരണം- അസിസ്റ്റന്റ് എഞ്ചിനീയർ അളവ് രേഖപ്പെടുത്തിയിട്ടില്ല</u>**

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ഭവനപുനരുദ്ധാരണപദ്ധതികളിൽ (നം.S.38/17, 80/17) പദ്ധതിമാർഗ്ഗരേഖയിൽ(സ.ഉ.(എം.എസ്) നം.4/16/ത.സ്വ.ഭ.വ/ 11.1.16) നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പുനരുദ്ധാരണപ്രവൃത്തികൾ അസിസ്റ്റന്റ് എഞ്ചിനീയർ അളവെടുത്ത് സാക്ഷ്യപ്പെടുത്തുന്നില്ല. ഓരോ ഇനം പ്രവൃത്തിയുടെയും മൂല്യം കണക്കാക്കി എസ്റ്റിമേറ്റ് എടുക്കാതെ, പണി പൂർത്തീകരിച്ചെന്നും പ്രവൃത്തി മൂല്യം 'നിശ്ചിത തുകയായി' എന്നും ഓവർസിയർ രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഓവർസിയറുടെ വാല്യുവേഷന്റെ മാത്രം അടിസ്ഥാനത്തിൽ തുകയനുവദിച്ചത് ശരിയല്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ മെഷർമെന്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**(4)<u>പി.എം.എ.വൈ പദ്ധതി- തുക ഒടുക്കിയതിന്റെ രസീത് ഹാജരാക്കിയിട്ടില്ല</u>**

പി.എം.എ.വൈ പദ്ധതിയിൽ(നം.34/17) രണ്ട് ഗുണഭോക്താക്കൾക്കു വേണ്ടി 40000രൂപ ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. തനതുഫണ്ട് ചെക്ക് നം.0334856/25.2.17 പ്രകാരം നൽകിയ പ്രസ്തുത തുക കൈപ്പറ്റിയതായി ബ്ലോക്ക് പഞ്ചായത്തിന്റെ ലെറ്റർ പാഡിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എഴുതി നൽകിയിട്ടുണ്ടെങ്കിലും, പ്രസ്തുത തുക അക്കൗണ്ടിൽ വരവു വെച്ചതിന്റെ സാംഖ്യാ രസീത് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 3-7 ഇ.എം.എസ് ഭവന പദ്ധതി - അപാകതകൾ

**(എ)** *വീട് പണി പൂർത്തീകരിച്ചിട്ടില്ല*

2009-10 സാമ്പത്തിക വർഷമാണ് ഇ.എം.എസ് പദ്ധതി നടപ്പിലാക്കിയത്. കരാറിലേർപ്പെട്ട 74 ഗുണഭോക്താക്കളിൽ 71 പേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 3 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

| *ക്രമ നം.* | *പേരും മേൽവിലാസവും* | *നൽകിയ തുക* | *വീടിന്റെ നിലവിലെ അവസ്ഥ* |
|---|---|---|---|
| 1 | ശമുവൽ ജോർജ്ജ്,<br>ചരിവ്പുരയിടത്തിൽ, കുറിയന്നൂർ | 67500/- | കതക് ഇടുകയോ വൈദ്യൂതികരിക്കുകയോ ചെയ്തിട്ടില്ല. |
| 2 | മാത്യു എം ജെ,<br>മേമന, കോളഭാഗം പി ഒ | 67500/- | മേൽകൂരയുടെ നിർമ്മാണം പൂർത്തീകരിക്കുകയോ വൈദ്യൂതികരിക്കുകയോ ചെയ്തിട്ടില്ല. |
| 3 | ജോൺ എബ്രഹാം, | 67500/- | ലിന്റൽ ലെവൽ വരെ മാത്രമേ പണി പൂർത്തീകരിച്ചിട്ടുള്ളൂ. |

| | | | |
|---|---|---|---|
| | നിരവിൽ കോളനി, കുറിയന്നൂർ | | |

ഇ.എം.എസ് ഭവന പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് അവശേഷിക്കുന്ന തുക നൽകാൻ കഴിയില്ല. ഈ സാഹചര്യത്തിൽ നൽകിയ തുക തിരികെ ഈടാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ അടിയന്തിരമായി നടപടിയുണ്ടാകേണ്ടതാണ്.

**(ബി)** *<u>ചെലവഴിക്കാത്ത തുക ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു</u>*

2009-10 സാമ്പത്തിക വർഷം ആവിഷ്ക്കരിച്ച ഇ.എം.എസ് ഭവന പദ്ധതി (നം. 107/10) പ്രകാരം 307875/- രൂപ ട്രഷറി ബിൽ നം. 12/09-10/30.3.10 പ്രകാരം പിൻവലിച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും പേരിൽ തോട്ടുപ്പുഴശ്ശേരി റീജണൽ സഹകരണ ബാങ്കിലെ 1762-ാം നമ്പർ അക്കൗണ്ടിൽ 21.4.2010-ൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെ മുൻകൂട്ടി വികസന ഫണ്ട് പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിച്ചത് ധനവിനിയോഗ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. (ജി.ഒ(പി)177/2016/ഫിൻ. തീയതി 25.3.2006). പലിശയുൾപ്പെടെ 31.3.2017-ൽ അവശേഷിക്കുന്ന 362066/- രൂപ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ് മുൻ വർഷം റിപ്പോർട്ടിൽ ഈ വിഷയം സംബന്ധിച്ച് പരാമർശിച്ചിരുന്നുവെങ്കിലും നാളിതുവരെ ഇത് സംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിക്കാത്തത് ഓഡിറ്റ് ഗൗരവമായി വിലയിരുത്തുന്നു.

# 3-8 വെള്ളക്കരം - വാട്ടർ അതോറിറ്റിയുമായി ഒത്തുതീർപ്പു ശ്രമങ്ങൾ ഫലം കാണുന്നില്ല, കുടിശ്ശിക പഞ്ചായത്തിന് സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്നു

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം പ്രതിമാസം 103688/- രൂപയാണ്. (10/16-ലെ ഡിമാന്റ് പ്രകാരം). ലഭ്യമാക്കിയ ബിൽ പ്രകാരം പഞ്ചായത്തിൽ 237 പൊതു ടാപ്പുകളാണുള്ളത്. 9/2015 മുതൽ പഞ്ചായത്ത് പ്രതിമാസം വെള്ളക്കരം ഒടുക്ക് വരുത്തുന്നില്ല. ഇത് കാരണം പഞ്ചായത്തിന്റെ

ഈയിനത്തിലുള്ള കുടിശ്ശിക 3823393/- രൂപയും പിഴ പലിശ 69080/- രൂപയുമാണ്. പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി 11/2011, 11/2014 എന്നീ മാസങ്ങളിൽ സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിലും ടാപ്പുകളുടെ എണ്ണത്തിൽ വാട്ടർ അതോറിറ്റിയും പഞ്ചായത്തും തമ്മിൽ പൊരുത്തക്കേട് നിലനിൽക്കുന്നുണ്ട്.(*പഞ്ചായത്തിന്റെ കണക്ക് പ്രകാരം 147 പൊതുടാപ്പുകളാണുള്ളത്*) മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും ഈ വിഷയത്തെ സംബന്ധിച്ച് വിശദമായ നിരീക്ഷണം നടത്തിയിട്ടുണ്ട്, എന്നാലും പ്രസ്തുത വിഷയത്തിൽ ഒരു പുരോഗതിയും ഉണ്ടായിട്ടില്ല. 2/2017 മാസത്തെ ബിൽ പ്രകാരം പഞ്ചായത്ത് ഒടുക്കുവാനുള്ള തുക 4708469/- രൂപയാണ്. പഞ്ചായത്ത് 111/17 എന്ന പദ്ധതിയിലുൾപ്പെടുത്തി 370632/- രൂപ 31.3.2017-ൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. പ്രസ്തുത തുക എന്നാൽ വാട്ടർ അതോറിറ്റിയുടെ കണക്കിൽ ഉൾപ്പെടുത്താതെയാണ് തുടർന്നുള്ള മാസങ്ങളിലെ ബിൽ നൽകുന്നത്. ഈ കാരണത്താൽ പഞ്ചായത്ത് പ്രതിമാസ വാട്ടർ ബിൽ ഒടുക്ക് വരുത്തുന്നില്ല. തൽക്കാലം, പ്രതിമാസ വെള്ളക്കരം ഒടുക്ക് വരുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

പന്ത്രണ്ടാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ജി.ഒ(എം.എസ്) 362/13/തസ്വഭവ/16.11.13 പ്രകാരം പൊതുടാപ്പുകളുള്ള കുടിവെള്ളപദ്ധതികളേക്കാൾ സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണം എന്നും, ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ലഭ്യമാക്കേണ്ടതും അപ്രകാരം ചെയ്തശേഷം ആ പ്രദേശത്തെ പൊതുടാപ്പുകൾ നിർത്തലാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഗാർഹിക കണക്ഷന് പ്രാധാന്യം നൽകി, പഞ്ചായത്തിന് ഉണ്ടാകുന്ന ദൈനംദിന ചെലവുകൾ കുറച്ചുകൊണ്ടുവരേണ്ടതും അതുവഴി പഞ്ചായത്തിന്റെ തനത് വരുമാനത്തിന്റെ ചോർച്ച ഒഴിവാക്കേണ്ടതുമാണ്. മേൽ നിർദ്ദേശം മുൻ ഓഡിറ്റ് റിപ്പോർട്ടിൽ നൽകിയിട്ടും 2016-17 വർഷം ഇപ്രകാരമൊള്ള പദ്ധതികൾ പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പഞ്ചായത്ത് ഭരണസമിതി സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - മീറ്ററിംഗ് പ്രവൃത്തികൾ മന്ദഗതിയിൽ

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പ്രതിമാസം 58958/- രൂപയാണ് പഞ്ചായത്ത് ഒടുക്കുന്നത്. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം 31.12.2014-നകം ഏർപ്പെടുത്താത്തതു മൂലം

കെ.എസ്.ഇ.ബി-യിൽ നിന്നും ലഭിക്കുമായിരുന്ന 50% സബ്സിഡി അനുകൂല്യം പഞ്ചായത്ത് പ്രയോജനപ്പെടുത്തിയിട്ടില്ല. (BO(FM)(Genl)No-1947/12 (Comml-II/Streetlight/12-13)Tvpm dtd. 19.10.2012). തൻവർഷം മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് 657200/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ 61 മീറ്ററുകൾ സ്ഥാപിക്കുന്നതിനാണ് തുക നിക്ഷേപിച്ചിട്ടുള്ളത്. കെ.എസ്.ഇ.ബി-യുടെ അയിരൂർ സെക്ഷനിൽ 54 മീറ്ററുകൾക്കായി 572400/- രൂപയും (ചെക്ക് നം. 2968/17.2.17), ആറന്മുള സെക്ഷനിൽ 6 മീറ്ററുകൾക്കായി 63600/- രൂപയും (ചെക്ക് നം. 3657/10.3.17), കുമ്പനാട് സെക്ഷനിൽ 1 മീറ്ററിനായി 21200/- രൂപയും (ചെക്ക് നം. 3672/17.2.17) രൂപയുമാണ് ഒടുക്കിയിട്ടുള്ളത്. കെ.എസ്.ഇ.ബി-യുമായി പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും, കരാറിൽ പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് സംബന്ധിച്ച് രേഖപ്പെടുത്തൽ ഇല്ല. പദ്ധതി അനന്തമായ നീണ്ടുപോകാതിരിക്കുന്നതിന് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-10 എസ്.എസ്.എ പദ്ധതി- പഞ്ചായത്ത് മോണിട്ടറിംഗ് നടത്തുന്നില്ല

6മുതൽ 14വയസ്സിനിടയിൽ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് സർവ്വ ശിക്ഷാ അഭിയാൻ. എസ്.എസ്.എ-യുടെ ജില്ലാ പ്രൊജക്ട് ഓഫീസർ തയ്യാറാക്കുന്ന വാർഷിക ബഡ്ജറ്റിൽ നിന്നും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായ 35 ശതമാനം തുക വകയിരുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പദ്ധതിയ്ക്ക് ഓഡിറ്റ് വർഷം 642914/- രൂപ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. (ട്രഷറി ബിൽ നം.13/16-17/16.12.16) നിർബന്ധിത പദ്ധതി എന്ന നിലയിൽ എല്ലാ വർഷവും ഈ പദ്ധതി നടപ്പിലാക്കുന്നു എന്നതു മാത്രമായി പഞ്ചായത്തിന്റെ ചുമതല പരിമിതപ്പെടുന്നു. വ്യക്തമായ ഒരു കർമ്മ പദ്ധതി തയ്യാറാക്കാതെയാണ് തുക ചെലവഴിക്കുന്നത്. തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ സർക്കാർ എൽ.പി, യു.പി വിദ്യാലയങ്ങൾ ഇല്ല. എസ്.എസ്.എ വിഹിതമായി പഞ്ചായത്ത് നൽകുന്ന തുക സ്വകാര്യ എയഡഡ് സ്കൂളുകളിലാണ് ചെലവഴിക്കപ്പെടുന്നത്. പഞ്ചായത്ത് ഭരണസമിതിയോ ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതിയോ എസ്.എസ്.എ ഫണ്ട് ഉപയോഗിച്ച് പഞ്ചായത്തിൽ നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് പരിശോധിക്കുന്നില്ല. മുൻ വർഷം 100000/- രൂപയാണ് ഈ പദ്ധതിയ്ക്കായി ചെലവഴിച്ചത്. തൻവർഷം 600 ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഇത് അന്വേഷണ വിധേയമാക്കേണ്ടതാണ്.

ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ (ഏതെല്ലാം ഘടകങ്ങൾക്കാണ് തുക വിനിയോഗിച്ചത്) ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വിശദമായ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവഴിച്ച തുക

തടസ്സപ്പെടുത്തുന്നു.

## 3-11 മരുന്നു വാങ്ങൽ പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല

*(1)ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല*

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ തോട്ടപ്പുഴശ്ശേരി ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ എന്ന പദ്ധതി (S0019/17) പ്രകാരം 50,000/- രൂപ 25.01.2017 ന് ഹോംകോയിൽ നല്കിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഇതുവരെ ലഭ്യമായിട്ടില്ല. ഹോമിയോ ആശുപത്രിക്ക് ലഭിക്കാനുള്ള മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കാനുള്ള നടപടികൾ ഭരണസമിതി കൈക്കൊള്ളേണ്ടതാണ്. മരുന്നുകൾ വാങ്ങി സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

*(2)പാലിയേറ്റീവ് കെയർ രോഗികൾക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല*

മെഡിക്കൽ ഓഫീസർ,പി.എച്ച്.സി നിർവ്വഹണം നടത്തിയ സാന്ത്വനപരിചരണം ( S0025/ 17 ) പദ്ധതിയുടെ ഭാഗമായി പാലിയേറ്റീവ് കെയർ രോഗികൾക്ക് മരുന്നുകൾ,അനുബന്ധ ഉപകരണങ്ങൾ ഇവ വാങ്ങാനായി ജില്ലാപഞ്ചായത്ത് വിഹിതമായ 298350/- രൂപയിൽനിന്ന് 286471/-രൂപയും(ഡി.ഡി.നമ്പർ.788057/29.03.2017) 31.01.2017 ലെ 4/16-17 ട്രഷറി ബിൽപ്രകാരം129000/-രൂപയും കേരളാ മെഡിക്കൽ സർവീസ്സ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. എന്നാൽ ഇതുവരെയായിട്ടും 66262/-രൂപയുടെ മരുന്നുകൾ, അനുബന്ധ ഉപകരണങ്ങൾ ഇവ മാത്രമേ ലഭ്യമായിട്ടുള്ളു. ശയ്യാവലംബികളായ രോഗികളുടെ പരിചരണം ലക്ഷ്യമാക്കിയിട്ടുള്ള ഈ പദ്ധതിക്കായി ലഭിക്കാനുള്ള മരുന്നുകളും അനുബന്ധ ഉപകരണങ്ങളും എത്രയും വേഗം ലഭ്യമാക്കാനുള്ള നടപടികൾ ഭരണസമിതി കൈക്കൊള്ളേണ്ടതാണ്. മരുന്നുകൾ വാങ്ങി സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

*(3)പി.എച്ച്.സിക്ക് മരുന്നുവാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല*

മെഡിക്കൽ ഓഫീസർ,പി.എച്ച്.സി നിർവഹണം നടത്തിയ പി.എച്ച്.സിക്ക് മരുന്നുവാങ്ങൽ ( S0024/ 17 ) പദ്ധതി പ്രകാരം 31.01.2017 ലെ 3/16-17 ട്രഷറി ബിൽപ്രകാരം100000/-രൂപ കേരളാ മെഡിക്കൽ സർവീസ്സ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഇതുവരെ ലഭ്യമായിട്ടില്ല. സാധാരണക്കാരായ രോഗികൾ ചികിത്സയ്ക്കായി ആശ്രയിക്കുന്ന പി.എച്ച്.സി കളിൽ ആവശ്യമായ മരുന്നുകൾ യഥാസമയം

ലഭ്യമാകാത്തത് അവയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും. ആയതിനാൽ പി.എച്ച്.സി ക്ക് ലഭിക്കാനുള്ള മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കാനുള്ള നടപടികൾ ഭരണസമിതി കൈക്കൊള്ളേണ്ടതാണ്. മരുന്നുകൾ വാങ്ങി സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

*(4)<u>ആയുർവേദ ഡിസ്പെൻസറിയിൽ എത്തുന്ന രോഗികൾക്ക് ആവശ്യമായ മരുന്നുവാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല</u>*

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ആയുർവേദ ഡിസ്പെൻസറിയിൽ എത്തുന്ന രോഗികൾക്ക് ആവശ്യമായ മരുന്നുവാങ്ങൽ എന്ന പദ്ധതി (S0022/17) പ്രകാരം 500,000/-രൂപ (ഡി.ഡി.നമ്പർ.786625/28.10.2016) ഔഷധിയിൽ നല്കിയിട്ടുണ്ട്. 494443/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. ഗവ. ആയുർവേദ ഡിസ്പെൻസറിയിക്ക് ലഭിക്കാനുള്ള 5557/- രൂപയുടെ മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കാനുള്ള നടപടികൾ ഭരണസമിതി കൈക്കൊള്ളേണ്ടതാണ്. മരുന്നുകൾ വാങ്ങി സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-12 റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ ഗുരുതരമായ അലംഭാവം

ഓഡിറ്റ് വർഷം റോഡിതര സംരക്ഷണ ഗ്രാന്റിന്റെ വിനിയോഗത്തിൽ അതിഗുരുതരമായ വീഴ്ചയാണ് ഉണ്ടായിട്ടുള്ളത്. ഓഡിറ്റ് വർഷം റോഡിതര സംരക്ഷണ ഗ്രാന്റിനത്തിൽ 1562729രൂപ വകയിരുത്തി 9 മരാമത്ത് പ്രവൃത്തികൾ ആവിഷ്കരിച്ചിരുന്നു. ഇതിൽ ഒന്നുപോലും നടപ്പിലാക്കിയില്ല എന്നത് ഭരണസമിതിയുടേയും നിർവ്വഹണ ഉദ്യോഗസ്ഥന്റേയും ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാതിരുന്നതിനാൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് ഉപയോഗിക്കാമായിരുന്ന 1562729രൂപ ചെലവഴിക്കാനായില്ല.

റോഡിതര ആസ്തികളുടെ മെയിന്റനൻസിനായി മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. മെയിന്റനൻസ് പ്ലാൻ എന്നാൽ നിലവിലുള്ള ആസ്തികളുടെ സംരക്ഷണത്തിനായി നടത്തുന്ന അറ്റകുറ്റപ്പണികൾ എന്ന് മാത്രമല്ല അർത്ഥമാക്കുന്നത്. ആസ്തികളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ആസ്തികളിലൂടെ നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തികൾ വിപുലപ്പെടുത്തി

കൈമാറി കിട്ടിയ സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വേണ്ടിയുള്ള പ്ലാൻ എന്നാണ് അർത്ഥമാക്കുന്നത്[പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ – ഖ: 11.1 (x)(b)]. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും മാർഗ്ഗരേഖയിലെ അനുബന്ധം 11 പ്രകാരമുള്ള പ്രോഫോർമയിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സ്വരൂപിക്കണമെന്നും മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിന് മുമ്പായി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ പ്രകാരമുള്ള ഒരു മെയിന്റനൻസ് പ്ലാൻ സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല.

പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മെയിന്റനൻസ് പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലും, സമയ ബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്നതിലും ഉണ്ടായിട്ടുള്ള വീഴ്ച അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-13 റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച

ഓഡിറ്റ് വർഷം റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ലഭ്യമായ തുക സമയബന്ധിതമായി ചെലവഴിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അധികൃതർക്ക് കഴിഞ്ഞിട്ടില്ല. 5066575 രൂപ ചെലവഴിക്കാതെ ലാപ്സായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *പദ്ധതി നിർവ്വഹണത്തിന് ലഭ്യമായ തുക* | *ചെലവഴിച്ച തുക* | *ലാപ്സായ തുക* | *ചെലവ് ശതമാനം* |
|---|---|---|---|
| 6608223 | 1541648 | 5066575 | 23.32 |

മെയിൻ്റനൻസ് ഗ്രാൻ്റ് റോഡ് ഫണ്ട് വകയിരുത്തി തൻവർഷം 7381670രൂപയുടെ പ്രൊജക്ടുകൾ ആവിഷ്ക്കരിച്ചിരുന്നുവെങ്കിലും 6608223 രൂപ മാത്രമേ അലോട്ട്മെൻ്റ് ലഭിച്ചിരുന്നുള്ളൂ. ഇതിൽ 1541648രൂപ മാത്രമേ ചെലവഴിച്ചുമുള്ളൂ. 2016-17വർഷം മെയിൻ്റനൻസ് ഗ്രാൻ്റ് വകയിരുത്തി ആകെ 36 റോഡ് പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും ഇതിൽ 28 പ്രവൃത്തികളും നിർവ്വഹിച്ചില്ല. അതത് സാമ്പത്തിക വർഷം ചെലവഴിക്കുന്നതിന് ഉദ്ദേശിച്ചാണ് സർക്കാർ ഗ്രാൻ്റ് അനുവദിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന സർക്കാർ ഗ്രാൻ്റ് സമയബന്ധിതമായി ചെലവഴിക്കാതെ ലാപ്സാക്കിയത് നിർവ്വഹണഉദ്യോഗസ്ഥയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. റോഡ് ആസ്തികളുടെ സംരക്ഷണത്തിന് ലഭിച്ച ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ച അധികൃതരുടെ ശ്രദ്ധയിൽ പെടുത്തുന്നു. ഫണ്ട് വിനിയോഗം കാര്യക്ഷമവും സമയബന്ധിതവും ആക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| *പദ്ധതിയുടെ പേര്/നമ്പർ* | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (13/17) |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | സെക്രട്ടറി |
| *വകയിരുത്തിയ തുക* | 493235/- (തനത് ഫണ്ട്) |
| *ചെലവഴിച്ച തുക* | 493235/- (ചെക്ക് നം. 2950/21.1.17) |

പ്രസ്തുത പദ്ധതി പ്രകാരം പഞ്ചായത്തിലെ പതിനൊന്ന് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി-യിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു-

| *ക്രമ നം.* | *ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തിയുടെ പേര്* | *നീളം (മീറ്ററിൽ)* |
|---|---|---|

| | | |
|---|---|---|
| 1 | തേൻമൂട്ടിൽപ്പടി കുളങ്ങരക്കൊമ്പിൽ പടി വരെ | 120 |
| 2 | മോഹൻദാസ് റോഡ് | 170 |
| 3 | ചിറയിറമ്പ് മർത്തോമപള്ളിപ്പടി നെല്ലിമല കോളനി | 440 |
| 4 | മേച്ചിറ കോളനി റോഡ് | 460 |
| 5 | ശാലോം പള്ളിപ്പടി മാവുങ്കൽ പടി റോഡ് | 400 |
| 6 | ഷാപ്പുപടി നെല്ലിക്കാപ്പറമ്പ് കോളനി | 450 |
| 7 | പുല്ലാനിമൂട്ടിൽപടി വട്ടംകാലപ്പടി റോഡ് | 300 |
| 8 | ചള്ളക്കുഴി തടീത്രപ്പടി റോഡ് | 720 |
| 9 | കുടമുരുട്ടിപ്പടി മർത്തോമപള്ളിപ്പടി | 400 |
| 10 | എസ്.എൻ.ഡി.പി കരിപ്പള്ളിൽ | 650 |
| 11 | ഹൈസ്ക്കൂൾപടി ഓറോത്ത്പടി | 150 |

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കെ.എസ്.ഇ.ബി-യുമായി ഏർപ്പെട്ട കരാറിലെ വ്യവസ്ഥ പ്രകാരം പ്രവൃത്തികൾ 2017മാർച്ച് 31-നകം പൂർത്തീകരിച്ച് പെർഫോമൻസ് റിപ്പോർട്ടും ഫൈനൽ ബില്ലും പൂർത്തീകരണ സർട്ടിഫിക്കറ്റും ഏപ്രിൽ 15-നകം നൽകുമെന്നത് പാലിച്ചിട്ടില്ല. പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-15 ആശ്രയ പദ്ധതി - അവലോകനം

*ഒന്നാം ഘട്ടം*

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ഒന്നാം ഘട്ട ആശ്രയ പദ്ധതി പൂർണ്ണമായും ഭക്ഷണ വിതരണത്തിൽ മാത്രമായി ഒതുങ്ങി.ഗ്രാമപഞ്ചായത്തിലെ ആശ്രയ പദ്ധതിയിൽ 25 കുടുംബങ്ങളാണ് ഉള്ളത്. 3951135/-രൂപ അടങ്കലുള്ള ആദ്യഘട്ട ആശ്രയ പദ്ധതിക്ക് അംഗീകാരം ലഭിച്ചിരുന്നു. ആശ്രയ പദ്ധതിയുടെ ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.

| *ക്രമ നം* | *ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *വകയിരുത്തിയ തുക* | *ചെലവ് തുക* |
|---|---|---|---|---|
| 1 | ഭവന പുനരുദ്ധാരണം | 22 | 220000 | 197500 |
| 2 | ഭവന നിർമ്മാണം | 16 | 2000000 | 158750 |
| 2 | കിണർ / കുടിവെള്ളം | 15 | 90000 | |

| | | | | |
|---|---|---|---|---|
| 3 | കക്കൂസ് നിർമ്മാണം | 25 | 75000 | |
| 4 | വൈദ്യുതി | 9 | 18000 | |
| 5 | വസ്ത്രം | 9 | 9000 | |
| 6 | നൈപുണ്യ വികസന പരിശീലനം | 14 | 47000 | |
| 7 | ചെറുകിട വ്യവസായം | 14 | 200000 | |
| 8 | ഭൂമി വാങ്ങൽ | 9 | 675000 | |
| 9 | ചികിത്സ | 47 | 239000 | 120000 |
| 10 | വിദ്യാഭ്യാസ സഹായം | 13 | 63000 | |
| 11 | ഭക്ഷണം | 59 | 166135 | 369912 |
| 12 | പെൻഷനുകൾ | 19 | 57000 | |

| | | | | |
|---|---|---|---|---|
| 13 | പദ്ധതി നിർവ്വഹണ ചെലവ് | | 5000 | 13666 |
| 14 | മറ്റു ഇനങ്ങൾ | | 87000 | |
| 15 | ആകെ | | **3951135** | **859828** |

*രണ്ടാം ഘട്ടം*

10070890/- രൂപ അടങ്കലുള്ള രണ്ടാം ഘട്ട ആശ്രയ പദ്ധതിയ്ക്ക് സ.ഉ(സാധാ.) 2891/13/ത.സ്വ.ഭ.വ തീതയി 26.11.2013 പ്രകാരം അംഗീകാരം ലഭിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

| *വർഷം* | *വകയിരുത്തിയ തുക* | | | *ചെലവഴിച്ച തുക* | | |
|---|---|---|---|---|---|---|
| | *വികസന ഫണ്ട്* | *ചലഞ്ച് ഫണ്ട്* | *ആകെ* | *വികസന ഫണ്ട്* | *ചലഞ്ച് ഫണ്ട്* | *ആകെ* |
| 2013-14 | 1787600 | 720660 | 2508260 | - | - | - |
| 2014-15 | 3153000 | 705660 | 3858660 | 200000 | 297133 | |
| 2015-16 | 3590380 | 113680 | 3704060 | 100000 | - | |
| 2016-17 | 200000 | വകയിരുത്തിയിരുന്നില്ല | | 150000 | - | |
| ***ആകെ*** | **8530980** | **1540000** | **10070980** | **300000** | **297133** | **597133** |

പ്രസ്തുത പദ്ധതി പ്രകാരം വിവിധ ഇനങ്ങൾക്കായി വകയിരുത്തിയ തുകയും നാളിതുവരെയുള്ള ചെലവും (31.3.2017 വരെ) പരിശോധിക്കുമ്പോൾ ഭൂരിപക്ഷം ചെലവും ഭക്ഷണ വിതരണം നടത്തുന്നതിനു വേണ്ടിയായിരുന്നു എന്ന് വ്യക്തമാകുന്നു,

| ക്രമ നം. | ഇനം | ഗുണഭോക്താക്കളുടെ എണ്ണം | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | |
|---|---|---|---|---|---|---|
| | | | വികസന ഫണ്ട് | ചലഞ്ച് ഫണ്ട് | വികസന ഫണ്ട് | ചലഞ്ച് ഫണ്ട് |
| 1 | ഭക്ഷണം | 82 | 292380 | 816000 | | 890131 |
| 2 | ചികിത്സ | 81 | 300000 | 648600 | | |
| 3 | വസ്തു വാങ്ങൽ | 3 | 225000 | - | | |
| 4 | ഭവന നിർമ്മാണം | 18 | 3600000 | - | | |
| 5 | ഭവന പുനരുദ്ധാരണം | 55 | 1375000 | - | 450000 | |
| 6 | കുടിവെള്ളം | 53 | 795000 | - | | |
| 7 | കക്കൂസ് | 67 | 536000 | - | | |
| 8 | വിദ്യാഭ്യാസം | 10 | - | 30000 | | 10000 |
| 9 | പെൻഷൻ | 38 | 957600 | - | | |
| 10 | തൊഴിൽ | 18 | 450000 | - | | |
| 10 | പദ്ധതി തയ്യാറാക്കൽ | | | 15000 | | 15000 |
| 11 | നിർവ്വഹണം/ മോണിട്ടറിംഗ് | | | 15000 | | |
| 12 | റിസർവ് ഫണ്ട് | | | 15400 | | |
| | ***ആകെ*** | | **8530980** | **1540000** | **300000** | **915131** |

ചലഞ്ച് ഫണ്ടിനത്തിൽ ചികിത്സാ ധനസഹായത്തിനായി ലഭിച്ച 216200/-രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല. പദ്ധതിയുടെ പലിശ നീക്കിയിരിപ്പായ 537510/- രൂപയിൽ നിന്നും 308999/- രൂപ ഭക്ഷണത്തിനും 10000/- രൂപ വിദ്യാഭ്യാസത്തിനും ചെലവഴിച്ചിട്ടുണ്ട്.

ആശ്രയ പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം മോണിറ്ററിംഗ് സമിതിയിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രവർത്തനം നിരന്തരം മോണിറ്ററിംഗ് സമിതി വിലയിരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷയായ സമിതിയിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, സി.ഡി.എസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, ആശ്രയയുടെ ചുമതലയുള്ള സി.ഡി.എസ് അംഗം, രണ്ട് സാമൂഹ്യപ്രവർത്തകർ എന്നിവരായിരിക്കണം മോണിറ്ററിംഗ് സമിതി അംഗങ്ങൾ. സമിതി കൃത്യമായി കൂടുകയോ പദ്ധതി പ്രവർത്തനം വിലയിരുത്തുകയോ ചെയ്യുന്നില്ല എന്നത് ഗുരുതരമായ ഒരു ന്യൂനതയാണ്. ഇക്കാര്യത്തിൽ ഗൗരവപൂർവ്വമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| *വിഹിതം നൽകിയ സ്ഥാപനം* | *തുക ലഭിച്ച വർഷം* | *ലഭിച്ച തുക* | *പ്രൊജക്ടിന്റെ പേര്* | *ചെലവ്* | *ബാലൻസ്* |
|---|---|---|---|---|---|
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2016-17 | 300000/- | അംഗൻവാടി നിർമ്മാണം | 298350/- | 1650/- |
| | | 200000/- | പാലിയേറ്റീവ് കെയർ | 200000/- | - |

# 4-2 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | 2968/17.2.17<br>3657/10.3.17<br>3672/10.3.17 | 657200/- | - | 657200/- |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 2950/21.1.17 | 493235/- | - | 493235/- |
| | എസ്.സി കോളനിയിലെ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21600612 | 44100/- | - | 44100/- |
| കേരള വാട്ടർ അതോറിറ്റി | 89-ാം നമ്പർ അംഗൻ വാടിയ്ക്ക് വാട്ടർ കണക്ഷൻ | 21600656 | 90000/- | - | 90000/- |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

| *വായ്പയുടെ പേര്/ ഉദ്ദേശ്യം* | *ഉത്തരവ് നമ്പർ/ തീയതി* | *വായ്പ തുക* | *വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക* | *തൻവർഷം തിരിച്ചടച്ച തുക* | | *വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക* |
|---|---|---|---|---|---|---|
| | | | | *മുതൽ* | *പലിശ* | |
| -ഇല്ല- | | | | | | |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷങ്ങളിൽ സ്ഥിരനിക്ഷേപമില്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷം തുകയൊന്നും വരവില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| *ഓഡിറ്റ് വർഷം* | *ഖണ്ഡിക* | *സമാഹൃത റിപ്പോർട്ട് വർഷം* | *ഖണ്ഡിക* | *വിഷയം* | *ഇപ്പോഴത്തെ അവസ്ഥ* |
|---|---|---|---|---|---|
| 2012-13 | -- | -- | 3.4.5 | തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് | ഖണ്ഡികകൾ നിലനിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | -- | -- | 2.4 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

## (എ) <u>സംക്ഷിപ്ത വിവരങ്ങൾ</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [(മുന്നിരിപ്പ് തുക ഉൾപ്പടെ) റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 35226743 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 30663623 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11900/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 975290/- |

## (ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| *ഖണ്ഡിക നമ്പർ* | *നഷ്ടമായ തുക* | | *ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും* |
|---|---|---|---|
| | *ചാർജ് ചെയ്യാവുന്നവ* | *സർചാർജ് ചെയ്യാവുന്നവ* | |
| 3-2 | | 11900 | ശ്രീമതി ആർ വത്സല, സെക്രട്ടറി |

| | | | |
|---|---|---|---|
| | **ആകെ** | **11900** | |

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| *ഖണ്ഡിക നമ്പർ* | *തുക* | *ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും* |
|---|---|---|
| 3-3 | 275270/- | ശ്രീമതി ആർ വത്സല, സെക്രട്ടറി |
| 3-5 | 57106/- | ശ്രീമതി ബിന്ദു വി എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | 642914/- | ശ്രീമതി സുധർമ്മിണി റ്റി വി, ഹെഡ് ക്ലർക്ക് (സെക്രട്ടറിയുടെ ചുമതല) |
| **ആകെ** | **975290** | |

## (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

## (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം.3-7

## (ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ആർ വത്സല, സെക്രട്ടറി | സെക്രട്ടറി, പെരിങ്ങമല ഗ്രാമപഞ്ചായത്ത് | ശ്രീശൈലം, തിരുവനന്തപുരം |

| | | |
|---|---|---|
| ശ്രീമതി ബിന്ദു വി എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസി. എഞ്ചിനീയർ, തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് | പ്രണവം, വെട്ടൂർ പി.ഒ, കുമ്പഴ<br>689653 |
| ശ്രീമതി സുധർമ്മിണി റ്റി വി, ഹെഡ് ക്ലർക്ക് | ജൂനിയർ സൂപ്രണ്ട്, വേങ്ങര ഗ്രാമപഞ്ചായത്ത് | പുത്തൻതറ, വയലാർ പി.ഒ, ചേർത്തല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ***ഓഡിറ്റ് വർഷം*** | ***ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം*** | ***തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം*** |
|---|---|---|
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി7/260/09തീയതി 24.9.09/27.7.10 | 2 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി5/302/11തീയതി 3.6.11/13.9.12 | 4 |
| 2007-08 – 2010-11 | എൽ.എഫ്.പി.റ്റി.എ-പി8/943/12തീയതി 16.12.11/10.5.13 | മുഴുവൻ ഖണ്ഡികകളും |

| | | |
|---|---|---|
| 2011-12 – 2012-13 | എൽ.എഫ്.പി.റ്റി.എ.പി8/684/14തീയതി 19.11.14/12.1.15 | മുഴുവൻ ഖണ്ഡികകളും |
| 2013-14 | എൽ.എഫ്.പി.റ്റി.എ.പി8/325/15 തീയതി 17.6.15/16.7.15 | മുഴുവൻ ഖണ്ഡികകളും |
| 2014-15 | എൽ.എഫ്.പി.റ്റി.എ.പി8/733/16 തീയതി 8.7.16 | മുഴുവൻ ഖണ്ഡികകളും |
| 2015-16 | കെഎസ്എ.പിറ്റിഎ.പി8/1208/16 തീയതി 18.11.16 | മുഴുവൻ ഖണ്ഡികകളും |

**ഹബീബ് മുഹമ്മദ്**

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**പത്തനംതിട്ട ജില്ലാ കാര്യാലയം**

1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി8/975/17 തീയതി 30.8.17

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി

കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൻറെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എൻറെ റിപ്പോർട്ടിൽ ഖണ്ഡിക 1-3-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എൻറെ അഭിപ്രായത്തിൽ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൻറെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

## 2
## AUDIT CERTIFICATE

No.KSA.PTA.P8/975/17 Dated 30.8.17

Certified that I have Audited the Annual Financial Statement of Thottappuzhassery Grama Panchayat in Pathanamthitta district for the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Thottappuzhassery Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director

Kerala State Audit Department

Pathanamthitta